പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1844 **26-10-2026-ൽ മറുപടിയ്ക്ക്**

വയോജന അയൽപക്ക സഹായ ശൃംഖല പദ്ധതി

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. സജീവ് ജോസഫ്

ശ്രീ. റോയി. കെ. പൗലോസ്

ശ്രീ. പഴകുളം മധു

ശ്രീ. റോണി. കെ. ബേബി

മറുപടി നൽകിയ മന്ത്രി

ശ്രീ. വി. ഡി. സതീശൻ
(മുഖ്യമന്ത്രി)

(എ) കിടപ്പുരോഗികളായ വയോജനങ്ങൾ, ഭിന്നശേഷിക്കാരായ മുതിർന്നവർ, സാമൂഹികമായും സാമ്പത്തികമായും പിന്നാക്കം നിൽക്കുന്ന വയോജനങ്ങൾ എന്നിവരെ കണ്ടെത്തി ആവശ്യമായ സഹായം എത്തിക്കുന്നതിനായി വയോജന അയൽപക്ക സഹായ ശൃംഖല പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

മറുപടി: ഉണ്ട്. 60 വയസ്സിനു മുകളിലുള്ള ഒറ്റയ്ക്ക് താമസിക്കുന്നവർ, ഭിന്നശേഷിക്കാരായ ദമ്പതികൾ കിടപ്പ് രോഗികൾ, സാമൂഹികമായി ഒറ്റപ്പെട്ടവർ, സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർ തുടങ്ങിയ വയോജനങ്ങളെ കണ്ടെത്തി അടിയന്തര സഹായവും ആവശ്യമായ പരിചരണവും കരുതലും ഉറപ്പാക്കുന്നതിനായി വയോജന അയൽപ്പക്ക സഹായ ശൃംഖല പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.

(ബി) വാർഡ്തലം മുതൽ തദ്ദേശ സ്വയംഭരണ സ്ഥാപനതലം വരെ കുടുംബശ്രീ സംവിധാനം പ്രയോജനപ്പെടുത്തി വയോജനങ്ങൾക്ക് സാമൂഹിക പിന്തുണ ഉറപ്പാക്കുകയെന്നതാണോ പദ്ധതിയുടെ ലക്ഷ്യം എന്ന് വിശദമാക്കുമോ;

മറുപടി: എല്ലാ വാർഡിലും കുടുംബശ്രീ മാതൃകയിലും നേതൃത്വത്തിലും അയൽപക്ക സഹായ ശൃംഖല രൂപീകരിച്ച് സമൂഹാധിഷ്ഠിത പിന്തുണ സംവിധാനത്തിലൂടെ വയോജനങ്ങൾക്ക് സുരക്ഷിതവും അന്തസ്സാർന്നതുമായ ജീവിതം ഉറപ്പാക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം. ഇതിനായി വാർഡ് മെംബർ, ADS കൺവീനർ, പഞ്ചായത്ത് സെക്രട്ടറി/പ്രസിഡന്റ്, ആശാ വർക്കർ, അങ്കണവാടി വർക്കർ, ആരോഗ്യ വകുപ്പ് പ്രതിനിധി, യുവജന ക്ലബ്, റെസിഡൻസ് അസോസിയേഷൻ പ്രതിനിധികൾ, സന്നദ്ധ പ്രവർത്തകർ, സാമൂഹ്യ പ്രവർത്തകർ എന്നിവരെ ഉൾപ്പെടുത്തി ഒരു വാർഡ് തല വയോജന സംരക്ഷണ സമിതി രൂപീകരിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ആരോഗ്യവകുപ്പ്, സന്നദ്ധ സംഘടനകൾ തുടങ്ങിയവയെ സംയോജിപ്പിച്ചുകൊണ്ടാണോ പ്രസ്തുത പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശം ലഭ്യമാക്കാമോ ?

<u>മറുപടി:</u> അതെ. വിവിധ വകുപ്പുകളുടെ പങ്കാളിത്തവും ഏകോപനവും വഴി പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നു.

വകുപ്പുകളുടെ പങ്കാളിത്തവും ചുമതലകളും:

വകുപ്പ്	പങ്കാളിത്തവും ചുമതലകളും
സീനിയർ സിറ്റിസൺസ് ഡിപ്പാർട്ട്മെന്റ്	പദ്ധതി ഏകോപനം, പരിശീലനം, മേൽനോട്ടം, സാങ്കേതിക പിന്തുണ
കുടുംബശ്രീ	ഫീൽഡ് തല പ്രവർത്തനം, വോളണ്ടിയർ മാനേജ്മെന്റ്, റിപ്പോർട്ടിംഗ്
ആരോഗ്യ വകുപ്പ്	ആരോഗ്യ പരിശോധന, പാലിയേറ്റീവ് സേവനം, മാനസിക ആരോഗ്യ പിന്തുണ
തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ	സാമ്പത്തിക പിന്തുണ, വാർഡ് തല ഏകോപനം, അടിസ്ഥാന സൗകര്യങ്ങൾ

സെക്ഷൻ ഓഫീസർ